**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-കേരള സംസ്ഥാന സേവനാവകാശ നിയമം 2012-നഗരകാര്യ വകുപ്പിലെ സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ-അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(പിഎസ്)വകുപ്പ്

സ.ഉ(എംഎസ്)നം. 02/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 01.01.2013.

---

പരാമർശം- 1.സ.ഉ(പി)നം. 55/2012/ഉഭപവ, തീയതി, 27.10.2012

2.സ.ഉ(പി)നം.56/2012/ ഉഭപവ, തീയതി, 27.10.2012

3. നഗരകാര്യ ഡയറക്ടറുടെ 14.09.2012, 27.09.2012, 03.12.2012 എന്നീ തീയതികളിലെ ജി3-11252/2011 നമ്പർ കത്തുകൾ

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 04/12/12 ലെ E17/6768/2012/ ആർടിഎസ്എ/ സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സേവനാവകാശ നിയമം 2012 കേരള ഗസറ്റ് (അസാധാരണം) ആയി 06.08.2012 ൽ പ്രസിദ്ധപ്പെടുത്തി. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 2012 നവംബർ മാസം ഒന്നാം തീയതി ഈ നിയമം നിലവിൽ വന്നതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരം ഈ നിയമം പ്രാബല്യത്തിലായി ആറ് മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ മേധാവിയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

2. പരാമർശം 3, 4 പ്രകാരം നഗരകാര്യ ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും നഗരകാര്യ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരം നഗരകാര്യ വകുപ്പിന്റെ പരിധിയിൽ വരുന്ന ഓരോ മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരു ഏകരൂപം ഉണ്ടാകുന്നതിനു വേണ്ടിയാണ് സർക്കാർതലത്തിൽ സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ എന്നിവ നിശ്ചയിച്ച് അനുബന്ധമായി ചേർത്തിട്ടുള്ളത്. ഓരോ മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഇതിനനുസൃതമായി വിജ്ഞാപനം പുറപ്പെടുവിച്ചുവെന്ന് നഗരകാര്യ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

5. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

6. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരമുള്ള വിജ്ഞാപനം ഓരോ മുനിസിപ്പാലിറ്റിയും കോർപ്പറേഷനും 30 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എസ്. ജലീൽ**
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അയച്ചുകൊടുക്കേണ്ടതാണ്)
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർസി/ആർഡി)വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎസ്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ്

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

അനുബന്ധം

## നഗരകാര്യ വകുപ്പിന്റെ പരിധിയിൽ വരുന്ന ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ. നം. | സേവനം | നിശ്ചിത സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (4) | (5) |
| 1 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 5 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ റവന്യൂ സൂപ്രണ്ട് | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 2 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | 5 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ റവന്യൂ സൂപ്രണ്ട് | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 3 | പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തുന്നതിന് | 15 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 4 | കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ | 15 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | | |
| 5 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 6 | കെട്ടിട നികുതി ചുമത്തിയതിന്മേലുള്ള റിവിഷൻ ഹർജി | 20 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 7 | നികുതി ഒഴിവാക്കൽ<br>(എ) ഒഴിഞ്ഞുകിടക്കുന്നതു മൂലം വസ്തു നികുതി ഇളവു ചെയ്യൽ<br>ബി) വിമുക്ത ഭടൻമാർക്ക്- അവരുടെ പേരിലുള്ള വാസ ഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ | അർദ്ധ വർഷം കഴിഞ്ഞ് 30 ദിവസത്തിനകം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 8 | പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി<br>ii) കോർപ്പറേഷനു | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | | |
| 9 | തൊഴിൽ നികുതി നിശ്ചയിച്ചതിന്മേലുള്ള ഹർജി | 15 ദിവസം | i)മുനിസിപ്പാലിറ്റി കളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 10 | ബാനറുകളും പരസ്യ ബോർഡുകളും സ്ഥാപിക്കുന്നതിന് | 30 ദിവസം | i)മുനിസിപ്പാലിറ്റി കളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 11 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 15 ദിവസം | i)മുനിസിപ്പാലിറ്റി കളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | | |
| 12 | നിലവിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 13 | വാർദ്ധക്യ കാല പെൻഷൻ സംബന്ധിച്ച അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 60 ദിവസം | റവന്യൂ ഇൻസ്പെക്ടർ/ റവന്യൂഓഫീസർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 14 | അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) | 60 ദിവസം | റവന്യൂ ഇൻസ്പെക്ടർ/ റവന്യൂഓഫീസർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 15 | വികലാംഗ പെൻഷൻ /കർഷകതൊഴിലാളി പെൻഷൻ/50 വയസ്സ് കഴിഞ്ഞ അവിവാഹിത കളായ സ്ത്രീകൾക്കുള്ള പെൻഷൻ/തൊഴിൽ രഹിത വേതനം | 60 ദിവസം | ഹെൽത്ത് ഓഫീസർ / ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റി കളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 16 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായത്തിനു ള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 7 ദിവസം | ഹെൽത്ത് ഓഫീസർ / ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റി കളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തിയിട്ടുള്ള അഡീഷണൽ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ റവന്യൂ സൂപ്രണ്ടോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 17 | കെട്ടിടനിർമ്മാണ പെർമിറ്റ് (കോമ്പൗണ്ട് വാൾ, കിണർ, ടെലികോം ടവർ എന്നിവയ്ക്കും ബാധകമാണ്) | ഒരുമാസം | i)മുനിസിപ്പാലിറ്റികളി ൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടു ള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 18 | പൂർത്തിയാക്കിയ നിർമ്മാണങ്ങൾക്ക് ഒക്യുപൻസി നൽകൽ | 15 ദിവസം | i)മുനിസിപ്പാലിറ്റികളി ൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനു കളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | പ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | | |
| 19 | നിർമ്മാണ പെർമിറ്റുകളുടെ കാലാവധി പുതുക്കൽ | 15 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 20 | കമാനങ്ങളും ബോർഡുകളും സ്ഥാപിക്കുന്നതിന് അനുമതി നൽകൽ | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 21 | നഗരസഭാ വക പാർക്കുകൾ/ ഹാളുകൾ അനുവദിക്കൽ | അന്നു തന്നെ അനുവാദം നൽകുന്നു | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 22 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | 15 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 23 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ/ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്/രജിസ്ട്രേഷൻ പുതുക്കൽ | 15 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 24 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച അപ്പീൽ | 60 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 25 | വ്യപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് (ഡി ഒ & ലൈസൻസ്)/ ലൈസൻസ് പുതുക്കൽ | 30 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 26 | ആവി ശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കപ്പെടേണ്ട ഫാക്ടറിയോ വർക് ഷോപ്പോ ജോലി സ്ഥലമോ നിർമ്മിക്കാനോ സ്ഥാപിക്കാനോ ഉള്ള അനുവാദം നൽകൽ | 45 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 27 | പി.എഫ്.എ ലൈസൻസ്(ഭക്ഷ്യ ധാന്യങ്ങളുടെ നിർമ്മാണവും സംഭരണവും വിൽപനയും) | 45 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഹെൽത്ത് വിഭാഗം ഉദ്യോഗ സ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 28 | പി.എഫ്.എ ലൈസൻസ് പുതുക്കൽ | 30 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഹെൽത്ത് | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | | വിഭാഗം ഉദ്യോഗസ്ഥനോ | | |
| 29 | അപകടകരമായ വൃക്ഷങ്ങളെ കുറിച്ചുള്ള പരാതികൾ | ആദ്യ നോട്ടീസ് 7 ദിവസത്തിനകം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 30 | ശല്യങ്ങൾ സംബന്ധിച്ച് പരാതികൾ (മലിന ജലം, പുക ശല്യം, മാലിന്യ ശല്യം, ശബ്ദ ശല്യം, കുടിവെള്ളം മലിനപ്പെടൽ) | ആദ്യ നോട്ടീസ് 7 ദിവസത്തിനകം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതല പ്പെടുത്തുന്ന ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 31 | വളർത്തുനായകൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പും ഹെൽത്ത് കാർഡും | അന്നേ ദിവസം | വെറ്റിനറി സർജൻ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 32 | തെരുവു നായകളുടെ നിയന്ത്രണം | 5 ദിവസം | വെറ്റിനറി സർജൻ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 33 | സിനിമ തീയേറ്ററിനുള്ള ലൈസൻസ് (കെസിആർ ആക്ട് പ്രകാരം)ആദ്യമായി എടുക്കൽ | 60 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 34 | സിനിമ തീയേറ്ററിനുള്ള ലൈസൻസ് പുതുക്കൽ | 30 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 35 | ഹോട്ടൽ പരിശോധന (പരാതിയിന്മേൽ) | അന്നേ ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 36 | കെട്ടിട നിർമ്മാണാവശിഷ്ടം, ഗാർഡൻ മാലിന്യം/ സെപ്റ്റിക് ടാങ്കിലെ മാലിന്യം നീക്കം ചെയ്യൽ | 3 ദിവസം | ഗാരേജ് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 37 | ആംബുലൻസ് സേവനം ലഭിക്കുന്നതിന് | തത്സമയം | ഗാരേജ് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 38 | ജനനം, മരണം, നിർജ്ജീവ ജനനം രജിസ്ട്രേഷൻ | i)കിയോസ്ക് വഴിയുള്ളത് 1 ദിവസം ii)മറ്റുള്ളവ 5 ദിവസം | സബ് രജിസ്ട്രാർമാരായി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ (രജിസ്ട്രാർ) | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 39 | ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് | 7 ദിവസം | സബ് രജിസ്ട്രാർമാരായി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 40 | ദത്തെടുത്ത കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് | 7 ദിവസം | രജിസ്ട്രാർ (ഹെൽത്ത് ഓഫീസർ)/ ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 41 | ജനന മരണ രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കുന്നതിന് | 5 ദിവസം | രജിസ്ട്രാർ (ഹെൽത്ത് ഓഫീസർ)/ ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 42 | ജനന മരണ രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് | 15 ദിവസം | രജിസ്ട്രാർ (ഹെൽത്ത് ഓഫീസർ)/ ഹെൽത്ത് ഇൻസ്പെക്ടർ | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 43 | സെക്ഷൻ 17 പ്രകാരമുള്ള സർട്ടിഫിക്കറ്റ് | 15 ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ (രജിസ്ട്രാർ) | ജില്ലാ രജിസ്ട്രാർ (സെക്രട്ടറി) | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 44 | മറ്റ് സ്ഥലങ്ങളിൽ ജനിച്ച് നഗരസഭാ പരിധിയിൽ താമസിക്കുന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്(ഐഡന്റിറ്റി സർട്ടിഫിക്കേഷൻ സർട്ടിഫിക്കറ്റ്) | 15 ദിവസം | ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് ഓഫീസർ (രജിസ്ട്രാർ) | ജില്ലാ രജിസ്ട്രാർ (സെക്രട്ടറി) | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 45 | വിവാഹ രജിസ്ട്രേഷൻ | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 46 | വിവാഹ രജിസ്ട്രേഷൻ ( 30 ദിവസം കഴിഞ്ഞ് അപേക്ഷ നൽകിയാൽ) | ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 47 | വിവാഹ സർട്ടിഫിക്കറ്റ് | 7 ദിവസം | i)മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ സെക്രട്ടറി ii) കോർപ്പറേഷനുകളിൽ കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 48 | കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റ് നൽകൽ | 30 ദിവസം (അപേക്ഷകളിൽ എന്തെങ്കിലും ന്യൂനത ഉള്ള പക്ഷം അത് 7 ദിവസത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കുന്നതാണ്.) | i) 300 ച.മീ വരെ- അസി.എൻജിനീയർ ii)301-750 ച.മീ വരെ അസി. എക്സി. എൻജിനീയർ iii)751-1500 ച.മീ വരെ എക്സി. എൻജിനീയർ iv)1501-2500 ച.മീ വരെ സൂപ്രണ്ടിംഗ് എൻജിനീയർ v)2500 ച.മീ മുകളിലുള്ള പ്ലാനുകൾ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |
| 49 | കെട്ടിടങ്ങൾക്കുള്ള ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുക | അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം | i) 300 ച.മീ വരെ- അസി.എൻജിനീയർ ii)301-750 ച.മീ വരെ അസി. എക്സി. എൻജിനീയർ iii)751-1500 ച.മീ വരെ എക്സി. എൻജിനീയർ iv)1501-2500 ച.മീ വരെ സൂപ്രണ്ടിംഗ് എൻജിനീയർ v)2500 ച.മീ മുകളിലുള്ള പ്ലാനുകൾ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറി | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 50 | സൂപ്പർവൈസർ ലൈസൻസ് നല്കൽ | 30 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 51 | ലൈസൻസ് പുതുക്കൽ | 15 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 52 | ഐഡന്റിറ്റി കാർഡ്/സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ-ഡ്യൂപ്ലിക്കേറ്റ് | 15 ദിവസം | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |